# കെ.എസ്.ഐ.ഡി.സി

## *പത്രക്കുറിപ്പ്*

**06-03-2023**
**തിങ്കൾ**

## ഭക്ഷ്യസംസ്ക്കരണ കമ്പനികൾക്ക് ഗ്രോത്ത് ലാബ് പരിശീലനം സംഘടിപ്പിച്ചു

### മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു

സംസ്ഥാനത്തെ ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ നിലവിലുള്ള സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്താൻ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ (കെഎസ്ഐഡിസി) നേതൃത്വത്തിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി (ഡിയുകെ )യുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. കൊച്ചി റെനൈ ഹോട്ടലിൽ നടന്ന 'ഗ്രോത്ത് ലാബ്' പരിശീലനം സംസ്ഥാന വ്യവസായം, നിയമം, കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് അധ്യക്ഷനായി. കെ.എസ്.ഐ.ഡി.സി എം.ഡി ആൻഡ് ഡയറക്ടർ (ഇൻഡസ്ട്രീസ് & കൊമേഴ്സ്) എസ് ഹരികിഷോർ ഐ.എ.എസ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്,

കെ.എസ്.ഐ.ഡി.സി ജനറൽ മാനേജർ ജി. അശോക് ലാൽ എന്നിവർ സംസാരിച്ചു.

അഞ്ച് കോടി മുതൽ 50 കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള കമ്പനികൾക്കാണ് പരിശീലനം സംഘടിപ്പിച്ചത്. 30 ലധികം കമ്പനികളുടെ പ്രൊമോട്ടർമാർ പരിശീലനത്തിൽ പങ്കെടുത്തു. ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, ഡിഎഫ്ഐഎൽ മാർക്കറ്റിങ് മേധാവി നിതിൻ ദത്ത, എസ്എഎസ് പാർട്ട്ണേഴ്സ് കോർപറേറ്റ് അഡ്വൈസർ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ആൻഡ് പാർട്ണർ അലക്സ് ടി കോശി, മലബാർ ഇന്നോവേഷൻ എന്റർപ്രനർഷിപ്പ് സോൺ എക്സിക്യൂട്ടീവ് അഡ്വൈസർ ഡോ. മാധവൻ തുടങ്ങിയവർ ക്ലാസെടുത്തു. മറ്റ് മേഖലകളിലും ഇത്തരം ഗ്രോത്ത് ലാബുകൾ പ്രമുഖരായ വ്യക്തികളെയും ഏജൻസികളെയും ഉൾപ്പെടുത്തികൊണ്ട് കെ.എസ്.ഐ.ഡി.സി സംഘടിപ്പിക്കുമെന്ന് മാനേജിങ് ഡയറക്ടർ എസ്.ഹരികിഷോർ അറിയിച്ചു.